LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ മലപ്പുറത്ത് ക്യാൻസർ സെന്റർ ആശുപത്രിയെന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ഈ പദ്ധതിയ്ക്ക് വേണ്ടി മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദായ നികുതി വകുപ്പിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും മലപ്പുറത്ത് ഒരു താല്കാലിക ഓഫീസ് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ പദ്ധതി മലപ്പുറം ജില്ലയിൽ പാണക്കാടാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ആവശ്യമായ 25 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി 4 കൊല്ലം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം

45 (15) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ എസ്. സി., എസ്. ടി., തദ്ദേശസ്വയം ഭരണം, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ അധിക ജോലി ഭാരം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ജീവനക്കാർക്ക് പബ്ലിക് റിലേഷൻസിൽ പരിശീലനം നൽകുമോ;

(സി) ജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ നിന്നുതന്നെ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ എസ്.സി., എസ്.ടി., തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ ജോലി ഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ജോലിഭാരം സംബന്ധിച്ച് ഒരു ത്വരിതപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പഠന റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിൽ 'മികവിന്റെ കേന്ദ്രം' എന്ന പേരിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. ഇവിടെ പൊതുജന സമ്പർക്കത്തിൽ ജീവനക്കാർക്ക് മികവ് പുലർത്തുന്നതിനായി "Motivation and Inter Personal Relationship, Good governance through e-governance, Yoga and Stress Management" എന്നീ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

(സി) ഫ്രണ്ട് ഓഫീസിൽ ലഭ്യമായ ഇൻഫർമേഷൻ സംവിധാനം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങൾ സന്ദർശകർക്ക് നൽകുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ /സെക്ഷനുകളിൽ നിന്നും സന്ദർശകർക്ക് ഫോൺ മുഖേന വിവരങ്ങൾ ശേഖരിച്ചും നൽകിവരുന്നു.

പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി

46 (16) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച പരാതികൾ എത്രയാണ്; നേരിട്ട് ലഭിച്ചതും നേരത്തെ രജിസ്റ്റർ ചെയ്തതും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്;

(സി) ചികിത്സാ ധനസഹായത്തിനു വേണ്ടി ഈ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അപേക്ഷകൾ എത്ര;

(ഡി) ഇതിൽ എത്ര പേർക്ക് എത്ര തുക വിതരണം ചെയ്തു എന്നു വ്യക്തമാക്കാമോ;

(ഇ) അർഹരായ പലർക്കും ധനസഹായം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 30,852 അപേക്ഷകളും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 37,761 അപേക്ഷകളും മൂന്നാംഘട്ട

LIBRARY ARCHIVES Kerala Legislative Assembly